# സമഗ്രഗുണമേൻമ പാഠ്യപദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# എം.ഐ.എച്ച്.എസ് പൂങ്കാവ്

# 2025-2026



# അടിസ്ഥാന വിവരങ്ങൾ

- വിദ്യാലയത്തിന്റെ പേര് : മേരി ഇമ്മാക്കുലേറ്റ് HS പൂങ്കാവ്

  വിലാസം : പതിരാപ്പള്ളി . പി.ഒ, പൂങ്കാവ്, ആലപ്പുഴ 688521

  ഫോൺ നമ്പർ : 0477 2249466
- സ്കൂൾ കോഡ് : 35052
- വിദ്യാഭ്യാസ ഉപജില്ല : ആലപ്പുഴ
- വിദ്യാഭ്യാസ ജില്ല : ആലപ്പുഴ
- റവന്യൂ ജില്ല : ആലപ്പുഴ
- BRC : ആലപ്പുഴ
- CRC : ആലപ്പുഴ
- ഗ്രാമപഞ്ചായത്ത് : മാരാരിക്കുളം തെക്ക്
- ബ്ലോക്ക് പഞ്ചായത്ത് : ആര്യാട്
- ജില്ലാപഞ്ചായത്ത് : ആലപ്പുഴ
- നിയമസഭാമണ്ഡലം : ആലപ്പുഴ
- ലോകസഭാമണ്ഡലം : ആലപ്പുഴ
- താലൂക്ക് : അമ്പലപ്പുഴ
- വില്ലേജ് : പാതിരപ്പള്ളി
- ഇ-മെയിൽ : 35052alappuzha@gmail.com
- വെബ്സൈറ്റ് : www.mihs.in
- ഫേസ്ബുക്ക് : https://www.facebook.com/maryimmaculate.poomkavu
- സ്കൂൾ വിക്കി : https://schoolwiki.in/എം.ഐ.എച്ച്.എസ്സ്.പൂങ്കാവ്

# ആമുഖം

ആലപ്പുഴ ജില്ലയുടെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന പൂങ്കാവ് എന്ന കൊച്ചു ഗ്രാമത്തിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ പൂങ്കാവ് പള്ളിയുടെ തിരുമുറ്റത്ത് നിലകൊള്ളുന്നതാണ് പൂങ്കാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ എന്ന പുണ്യ വിദ്യാലയം. അറിവിന്റെ വാതായനങ്ങൾ ആയിരങ്ങൾക്ക് തുറന്നു നൽകി നേർവഴി കാട്ടുന്ന ഈ വിദ്യാലയം പൂങ്കാവിന്റെ നവോത്ഥാനത്തിന തുടക്കം കുറിച്ചു. വിദ്യാഭ്യാസപരവും ഒപ്പം ആത്മീയവും സാംസ്കാരികവും സാമൂഹികവും സാമ്പത്തീകവുമായ പ്രദേശത്തിന്റെ വളർച്ചയ്ക്ക് പുത്തൻ മാനങ്ങൾ പകർന്നു നൽകാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞു.

കയർതൊഴിലാളികളും മത്സ്യതൊഴിലാളികളും കെട്ടിടനിർമ്മാണ തൊഴിലാളികളുമായ പാവപ്പെട്ട പൂങ്കാവ് നിവാസികളുടെ മക്കൾക്ക് സ്വപ്നം പോലും കാണാൻ കഴിയാത്ത ഒരു പഠന മാർഗ്ഗമാണ് ഇതിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടത്. കിലോമീറ്ററുകൾ താണ്ടി ഉപരിപഠനം കരസ്ഥമാക്കിയ പൂങ്കാവിന്റെ മക്കൾക്ക് ഈ വിദ്യാലയം വലിയൊരനുഗ്രഹമായിരുന്നു. സ്നേഹം, അറിവ്, സേവനം എന്ന ലക്ഷ്യത്തിലൂന്നി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം 42 വർഷങ്ങൾ പിന്നിടുമ്പോഴും അതിന്റെ ലക്ഷ്യത്തിൽ നിന്ന് തെല്ലുപോലും വ്യതിചലിക്കാതെ ഉയരങ്ങളിലേയ്ക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു.

തന്റെ തണൽ തേടി എത്തുന്നവർക്കൊക്കെ പ്രതീക്ഷയും പ്രത്യാശയും നൽകി എല്ലാ ഋതുക്കളിലും പൂക്കുകയും തളിർക്കുകയും ചെയ്യുന്ന കൽപ്പ വൃക്ഷം പോലെ നമ്മുടെ വിദ്യാലയം നിലകൊള്ളുന്നു.

# ലക്ഷ്യങ്ങൾ- അക്കാദമികം

1. വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പഠനരീതികൾ ആവിഷ്കരിക്കുക.

2. ഇലക്ട്രോണിക് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഭാഷാനൈപുണി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

3. ശാസ്ത്ര വിഷയങ്ങൾ പരീക്ഷണങ്ങളിലൂടെ കണ്ടെത്തി പഠിക്കുവാനുള്ള സാഹചര്യം ഓരോ കുട്ടിക്കും ലഭ്യമാക്കുക.

4. നിരന്തരമൂല്യ നിർണ്ണയ രീതി

5. ആർജ്ജിത അറിവുകളെ പ്രയോജനപ്പെടുത്തുന്ന സാഹചര്യങ്ങൾ വിലയിരുത്തുക.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.

7. പഠനനിലവാരം ഉയർത്തുന്നതിന് പഠന സമയം പുനക്രമീകരിക്കുക.

8. വ്യത്യസ്ത നിലവാരം പുലർത്തുന്ന കുട്ടികളുടെ പഠനശേഷികൾ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

9. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക. കൗൺസലിംഗ് സംവിധാനം നടപ്പിലാക്കുക.

10. രക്ഷാകർത്താക്കളുമായുള്ള നിരന്തര ഇടപെടലിന് പ്രാധാന്യം കൊടുക്കുക.

11. പഠന മികവു പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.

12. കുട്ടികളുടെ കലാ-കായിക, ശാസ്ത്ര, സാഹിത്യ വളർച്ചയുതകുന്ന അവസരങ്ങൾ സൃഷ്ടിക്കുക.

13. ഹൈസ്കൂൾ ഹയർസെക്കൻഡറിയായി അപ്ഗ്രേഡ് ചെയ്യുക.

14. അധ്യാപകരുടെ അധിക അറിവ് ശേഖരണം വിവിധ പ്രവർത്തനങ്ങൾ, രക്ഷകർത്താക്കളും കുട്ടികളുമായുള്ള ഇടപെടൽ എന്നിവ വിലയിരുത്താനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക.

## ലക്ഷ്യങ്ങൾ- ഭൗതീകം

1. കായിക ഇനങ്ങൾക്ക് ഓരോന്നിനും പ്രത്യേകം പ്ലേ കോർട്ടുകൾ.

2.ആവി സംവിധാനത്തിലുള്ള പാചകപ്പുര, ഭക്ഷണശാല, പ്രാർത്ഥനാ മുറി, കൗൺസലിംഗ് മുറി, sick room

## ലക്ഷ്യങ്ങൾ- സാമൂഹികം

1. സാമൂഹ്യ പ്രതിബദ്ധത, കാർഷിക അഭിരുചി എന്നിവ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുക

2. ആരോഗ്യ പരിപാലനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളുടെ ആവിഷ്കരണം.

3. സദാചാരബോധം ഉളവാക്കുന്ന രീതിയിലുള്ള പദ്ധതികൾ.

## സ്കൂൾ ചരിത്രം

**ആലപ്പുഴയുടെ പൂങ്കാവനം എന്ന്** വിശേഷിപ്പിക്കപ്പെടുന്ന പൂങ്കാവിന്റെ മണ്ണിൽ ഒരു ഹൈസ്കൂൾ ഉണ്ടാവുക എന്നത് നാടിന്റെ ചിരകാല സ്വപ്ന മായിരുന്നു. ഒത്തിരിയേറെ പ്രാർത്ഥനയും പരിത്യാഗവും പരിശ്രമവും ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു. ഇവിടുത്തെ കുട്ടികൾക്ക് ഹൈ സ്കൂൾ വിദ്യാഭ്യാസം വിദൂര സ്വപ്നമായിരുന്നു. **ഈ അവസ്ഥ മനസ്സിലാക്കിയ കൊച്ചി രൂപതാ മെത്രാൻ അഭിവന്ദ്യ ഡോ: ജോസഫ് കുരീത്തറ പിതാവിന്റെ ക്ഷണപ്രകാരം** എസ്.എം.ഐ സഭാ സ്ഥാപകൻ ബിഷപ്പ് ലൂയിസ് എൽ.ആർ. മോറോ പൂങ്കാവ് സന്ദർശിക്കുകയും കാര്യങ്ങൾ മനസ്സിലാക്കു കയും ചെയ്തതിന്റെ അനന്തരഫലമായിട്ടാണ് മേരി ഇമ്മാക്കുലേറ്റ് കോൺവെന്റും തുടർന്ന് ഹൈ സ്കൂളും രൂപം കൊണ്ടത്. **പുതുതായി രൂപം കൊണ്ട ഹൈസ്കൂളിന്റെ പ്രഥമ അദ്ധ്യാപികയായി റവ.സിസ്റ്റർ എത്സ വാരപ്പടവിൽ 17 വർഷം സേവനമനുഷ്ഠിച്ചു. സിസ്റ്റർ എത്സായുടെയും തുടർന്ന് സിസ്റ്റർ ബനീറ്റ, സിസ്റ്റർ മേഴ്സി ജോസഫ്, സിസ്റ്റർ ലിസി ഇഗ്നേഷ്യസ്, സിസ്റ്റർ മെൽവി കുര്യാക്കോസ്, സിസ്റ്റർ സിന്ത ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് സിസ്റ്റർ ജോസ്ന എന്നിവരുടെയും സ്റ്റാഫ് അംഗങ്ങളുടെയും അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെയും ശ്രമഫലമായി സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മേരി ഇമ്മാക്കുലേറ്റ് ഹൈ സ്കൂൾ ഉയർന്നു.**

തങ്ങളുടെ മക്കൾ മൂല്യബോധമുള്ളവരായി വളർന്ന് കുടുംബത്തിനും നാടിനും താങ്ങും തണലുമായി തീരണം എന്നതായിരുന്നു ഇവിടുത്തെ മാതാപിതാക്കളുടെ സ്വപ്നം. ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി അതിനോട് സർഗ്ഗാത്മകമായി പ്രതികരിക്കുന്ന ഉത്തമ വ്യക്തി ത്വങ്ങളുടെ ഉടമകളാക്കി കുട്ടികളെ രൂപപ്പെടുത്തുക എന്നതായിരുന്നു സ്കൂളിന്റെ ലക്ഷ്യം. അർപ്പണബോധമുള്ള മാനേജ്മെന്റിന്റെയും അധ്യാപ കരുടെയും വിദ്യാർത്ഥികളുടേയും കഠിനാദ്ധ്വാനഫലമായിട്ടാണ് സ്കൂൾ ഈ നിലയിൽ ഇന്ന് പ്രശോഭിക്കുന്നത്.

ജാതിമതഭേദമന്യേ എല്ലാ വിഭാഗത്തിലുമുള്ള കുട്ടികളേയും ഉൾക്കൊ ള്ളാൻ മേരി ഇമ്മാക്കുലേറ്റ് സ്കൂളിന് കഴിയുന്നു. വളരെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും ഏറെ പ്രതികൂല സാഹചര്യങ്ങളിൽ നിന്നും വിദ്യ തേടി എത്തുന്നവരാണ് പഠിക്കുന്നവരിൽ അധികവും. ഈ വലിയ പരിമി

തികളുടെ പശ്ചാത്തലത്തിലും ശ്രേഷ്ഠമായ പാരമ്പര്യവും ധന്യതയാർന്ന ലക്ഷ്യബോധവും അതിരറ്റ കർമ്മശേഷിയും പ്രകടിപ്പിച്ചുകൊ് മേരി ഇമ്മാക്കുലേറ്റ് സന്യാസി സമൂഹ **വും** ഒപ്പം ചേർന്ന അധ്യാപക സമൂഹവും തുടക്കം മുതലേ മികവിന്റെ പടവുകൾ ചവിട്ടിക്കയറാൻ സ്കൂളിനെ പ്രാപ്തമാക്കി. പ്രദേശത്ത് ഒരു സ്കൂളിനും കൈവരിക്കാൻ കഴിയാതിരുന്നത്ര മികച്ച അധ്യായന നിലവാരവും വിജയ ശതമാനവും അതിവേഗം കൈവരിക്കാൻ സാധിച്ചു. **എല്ലാ** അദ്ധ്യായനവർഷങ്ങളിലും എസ്.എസ്. എൽ.സി പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ സാധിച്ചു. കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാന മേളക**ളിലും ദേശീയ തലത്തിലും** മികവാർന്ന വിജയം കൈവരിക്കാൻ സാധിച്ചു എന്നത് മേരി ഇമ്മാക്കുലേറ്റിന്റെ നേട്ടങ്ങൾക്ക് മാറ്റു കൂട്ടുന്നു.

**ആത്മീയവും സാമുദായികവും സാംസ്കാരികവും ആരോഗ്യപരവും വിദ്യാഭ്യാസപരവും തൊഴിൽപരവും ഭാവിയുടെ ഒമാനകളുടെ ജീവിതാടിസ്ഥാനാവശ്യത്തിനു വേണ്ടിയുള്ളതുമായ നാടിന്റെ ഓരോ പോരാട്ടത്തിലും ഈ കൃപാസൗധം നമ്മുക്ക് അഭയമാകും.**

# വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

മികച്ചത് എന്ന വാക്കിനർത്ഥം ഏറ്റവും നല്ലത് എന്ന് തന്നെയാണ് . വിദ്യാലയങ്ങൾ മാനവ വിഭവ സൃഷ്ടി കേന്ദ്രങ്ങൾ ആയിരിക്കണം. മാനവ വിഭവത്തെ ഏതൊക്കെ രീതിയിൽ മെച്ചപ്പെടുത്താം എന്നതാണ് ഓരോ വിദ്യാലയവും ഏറ്റെടുത്തു ചെയ്യേണ്ട പ്രവർത്തനം. വിദ്യാഭ്യാസം ഗണപരമായതിനേക്കാൾ ഉപരി ഗുണപരമായിരിക്കണം. വിദ്യാർത്ഥിയുടെ ബൗദ്ധികവും, ശാരീരികവും, മാനസികവും, സാമൂഹ്യവും, സാംസ്കാരികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിലുള്ള വിദ്യാഭ്യാസമായിരിക്കണം ഓരോ വിദ്യാലയവും ലക്ഷ്യം വയ്ക്കേണ്ടത്.

വിദ്യാലയത്തിൽ നിന്നും ഓരോ കുട്ടിയും ആർജ്ജിക്കുന്ന അറിവുകൾ അവന്റെ ഭാവി ജീവിതത്തിലേയ്ക്കുള്ള ചവിട്ടു പടികൾ ആയിരിക്കണം. ഈ ലക്ഷ്യ പ്രാപ്തിക്ക് വേണ്ടി നമ്മുക്ക് മികവുറ്റ ഒരു വിദ്യാലയം സൃഷ്ടിക്കാം. പഴമകളുടെ അറിവൂറുന്ന പുതുമകളുടെ സാങ്കേതികത നിറഞ്ഞ അറിവിന്റെ ലോകം സൃഷ്ടിക്കാൻ നമ്മുക്ക് നമ്മളാൽ കഴിയുന്നത് ചെയ്യാം.

വിശാലയമായ ലോകത്ത് ഓരോ വ്യക്തിക്കും അനന്ത സാധ്യതകളാണ് ഉള്ളത്. ഒരുവന്റെ കഴിവിനെ മനസിലാക്കി രാജ്യപുരോഗതിക്കും സമൂഹത്തിനും ഉതകുംവിധം തയ്യാറാക്കേണ്ടത് വിദ്യാലയത്തിന്റെ കടമയാണ്. മികവുറ്റ അധ്യാപകരുടെ കൃത്യതയോടെയുള്ള പരിശീലിപ്പിക്കലാണ് വിദ്യാർഥികളെ ലക്ഷ്യ പ്രാപ്തിക്കു സഹായിക്കുന്നത്. വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാകണം

എങ്കിൽ പഠന പാഠ്യേതര വിഷയങ്ങളിൽ  അഗ്രഗണ്യരായ നൂറു ശതമാനം അർപ്പണ മനോഭാവമുള്ള അനുകമ്പയുള്ള സ്നേഹ വാത്സല്യ വായ്പ്പുകൾ നൽകുന്ന അദ്ധ്യാപക സമൂഹം അനിവാര്യമാണ്.

മികച്ച വിദ്യാഭ്യാസം നൽകുന്നതിന് മികച്ച ഭൗതീകസാഹചര്യങ്ങൾ വിദ്യാലയത്തിനാവശ്യമാണ്. വീട്ടുമുറ്റത്ത് നിന്നും വിദ്യാലയത്തിലേയ്ക്കും വിദ്യാലയത്തിൽ നിന്നും വീട്ടിലേയ്ക്കും കുട്ടിയെ എത്തിക്കുമ്പോൾ അവനു നഷ്ടമാകുന്ന സന്തോഷവും അനുഭവ സമ്പത്തും വിലമതിക്കാനാവാത്തതാണെന്ന് ഓർമ്മവച്ച് കൊണ്ടു അത്യന്താപേക്ഷിത സൗകര്യങ്ങൾ മാത്രമേ കുട്ടിക്ക് ഒരുക്കാവൂ എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു നമ്മുക്ക് ഒരുമിച്ചു നിൽക്കാം.

# നിലവിലെ അവസ്ഥ

## കുട്ടികളുടെ എണ്ണം

2025-26 അദ്ധ്യായന വർഷത്തിൽ പൂകാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂളിൽ 6 ഡിവിഷനുകളിലായി 269 കുട്ടികൾക്ക് പ്രവേശനം നൽകി. സമീപത്തുള്ള എയ്ഡഡ് അൺ എയ്ഡഡ് സ്കൂളിൽ നിന്നുള്ള കുട്ടികളാണ് ഉപരിപഠനാർത്ഥം ഇവിടെ പ്രവേശനത്തിന് അപേക്ഷിക്കുന്നത്. പരിമിതമായ സാഹചര്യങ്ങളിൽ കുട്ടികളെ മുഴുവൻ ഉൾക്കൊള്ളിക്കുക എന്നത് എല്ലാ അദ്ധ്യായന വർഷവും വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ക്ലാസ്സ് 8 ലേക്ക് അഡ്മിഷൻ എടുക്കുന്ന സമയത്ത് ഒത്തിരിയധികം കുട്ടികൾ ഇവിടെ പ്രവേശനത്തിനായി എത്തുന്നു.

## അധ്യാപകർ-നിലവിലെ അവസ്ഥ

| **വിഭാഗം** | **അധ്യാപകരുടെ എണ്ണം** | **സ്ഥിരം അധ്യാപകർ** | **താല്കാലിക നിയമനങ്ങൾ** | **3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം** |
|---|---|---|---|---|
| Std.8 | 10 | 29 | | 27 |
| ഹൈസ്കൂൾ വിഭാഗം | 19 | | | |

**ഭൗതീക സൗകര്യങ്ങൾ**

നിലവിൽ സ്കൂളിൽ 18 ക്ലാസ്സ് മുറികളാണുള്ളത്. ശാരീരിക വൈകല്യങ്ങളോടുകൂടിയ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് **വേണ്ടി** റാമ്പും റെയിലും സ്ഥാപിച്ചിട്ടു ണ്ട്.

സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി വളരെ ചിട്ടയോടും കൃത്യതയോടും കൂടി നടന്നു വരുന്നു. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായ് LPG **സംവിധാനത്തോടുകുടിയ** പ്രത്യേകമായ പാചകപ്പുര ഇവിടെ നിർമ്മിച്ചിട്ടുണ്ട്. ഇവിടേക്കാവശ്യമായ പാചകത്തൊഴിലാളിയെ നിയമിച്ചിട്ടുണ്ട്.

സ്കൂളിലെ കുട്ടികൾക്കായി 28 ടോയ്‌ലറ്റുകളാണ് ഉള്ളത്. ഇതിൽ 20 എണ്ണം പെൺകുട്ടികൾക്കും 8 എണ്ണം ആൺകുട്ടികൾക്കുമായി പ്രത്യേകം നിർമ്മിച്ചിരിക്കുന്നു. **ഇതോടൊപ്പം** പെൺകുട്ടികൾ **ക്ക് 26 ഉം** ആൺകുട്ടികൾ **ക്ക്30 യുറിനലുകളുമാണുള്ളത്**ഈ ടോയ്‌ലറ്റുകളെല്ലാം തന്നെ വെള്ളം ലഭിക്കുന്ന സൗകര്യത്തോടു കൂടിയതാണ്. 7 ടാപ്പുകളോടുകൂടിയ കുടിവെള്ള സ്രോതസ്സാണ് സ്കൂളിലുള്ളത്. തികച്ചും സുരക്ഷിതമായിത്തന്നെയാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. സ്കൂളിൽ വിസ്തൃതിയുള്ള ഒരു കളിസ്ഥലം ഉ**ണ്ട്.** അയൽപക്ക വിദ്യാലയങ്ങളിലെ കുട്ടികൾ ഇവിടെ സ്ഥിരമായി കളിക്കാൻ എത്താറു**ണ്ട്.**. പൂർണ്ണമായി പണികഴിപ്പിക്കപ്പെട്ട ചുറ്റുമതിലാണ് സ്കൂളിനുള്ളത്. ക്ലാസ്സ് റൂമുകളെല്ലാം തന്നെ വൈദ്യുതീകരിച്ചതാണ്. ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പ്രത്യേകം ഷെൽഫുകളിൽ ക്രമീകരിച്ച വിപുലമായ ഒരു ലൈബ്രറി ഇവിടെയു **ണ്ട്.**. കൂടാതെ

ക്ലാസ്സ് ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ കുട്ടികൾ തന്നെ ശേഖരിച്ച് കൈമാറ്റം ചെയ്ത് വായിച്ചു വരുന്നു. സ്കൂൾ പരിധിക്കുള്ളിലുള്ള ഒരു ലൈബ്രറിയും ക്ലാസ്സ് ലൈബ്രറിയുമാണ് കുട്ടികളുടെ വായന പരിപോഷി ഷിക്കാനായി ഉള്ളത്. ദൈനംദിന വാർത്തകൾ കുട്ടികൾക്കു ലഭ്യമാക്കുന്ന തിനായ് ഓരോ ക്ലാസ്സിനും ഓരോ പത്രങ്ങൾ വീതം സ്കൂളിൽ ലഭ്യമാണ്.

**കുട്ടികളുടെ പഠനനിലവാരം**

ഏക തലത്തിലുള്ള ക്ലാസ്സ് റൂം സജ്ജീകരണമാണ് നടപ്പിലാക്കിയിരി ക്കുന്നത്.**എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകളായി മാറിക്കഴിഞ്ഞു.** സ്മാർട്ട് ക്ലാസ്സ് റൂം എല്ലാ അധ്യാപകരും പരമാവധി ഉപയോഗപ്പെടുത്തു ന്നു **ണ്ട്**. മലയാളം മീഡിയത്തിലുള്ള ക്ലാസ്സും ഇംഗ്ലീഷ് മീഡിയത്തിലുള്ള ക്ലാസ്സും ഉ**ണ്ട്**.. മലയാളം മീഡിയത്തിൽ മാതൃഭാഷയാണ് ബോധനമാധ്യമം. ക **ണ്ടെത്ത**ൽ പഠനത്തെയും വാതിൽപ്പുറ പഠനത്തെയും പ്രോത്സാഹിപ്പിക്കാ റു**ണ്ട്**.. പല വിഷയങ്ങളെ സംബന്ധിച്ച് കുട്ടികൾ പ്രോജക്ടുകൾ, അസൈ ൻമെന്റുകൾ എന്നിവ തയ്യാറാക്കാറു**ണ്ട്**.

കുട്ടികൾക്ക് സ്വയം പ്രകാശനത്തിനും ചോദ്യങ്ങൾ ചോദിക്കുന്നതിന ും സംശയ ദൂരീകരണത്തിനും പ്രോത്സാഹനം നൽകാറു**ണ്ട്**.. ലാബ് ഉപക രണങ്ങൾ, ബ്ലാക്ക് ബോർഡ്, ഗ്ലോബ്, ഭൂപടം, ചാർട്ടുകൾ, ലാപ് ടോപ്പ് **പ്രൊജക്ടർ ഇന്റർനെറ്റ്** ഇവയുടെയൊക്കെ സഹായത്തോടെയാണ് അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

സി.സി.ഇ രീതിയാണ് പഠനം വിലയിരുത്താനായി അവലംബിച്ച് വരുന്നത്. അതായത് ക്ലാസ്സ് ടെസ്റ്റ്, യൂണിറ്റ് ടെസ്റ്റ്, ടേർമിനൽ എക്സാമിനേഷനുകൾ, പ്രോജക്ടുകൾ, അസൈമെന്റുകൾ, മറ്റ് കലാ-കായിക മികവുകൾ, പെരുമാറ്റ രീതികൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കുട്ടികൾ വിലയിരുത്തപ്പെടുന്നത്. കുട്ടികളുടെ പഠനനിലവാരം മികച്ച രീതിയിൽ നടപ്പാക്കുന്നതിന് എല്ലാ അധ്യാപകരും, മാനേജ്മെന്റും ശ്രമിക്കുന്നതിന്റെ ഫലമായി അഡ്മിഷന്റെ സമയത്ത് മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കുക അസാദ്ധ്യമാണ്.

| **അക്കാദമികം** | |
|---|---|
| നിലവിലുള്ളത് | ആവശ്യമുള്ളവ |
| സബ്ജക്ട് കൗൺസിൽ<br>എസ്.ആർ.ജി<br>ക്ലബ്ബ് പ്രവർത്തനങ്ങൾ<br>പഠനോപകരണ നിർമ്മാണം,<br>ശേഖരണം<br>സ്കൂൾ ലൈബ്രറി<br>ലാബ് പ്രവർത്തനങ്ങൾ<br>സി.ഡി ലൈബ്രറി<br>ദിനാചരണങ്ങൾ<br>നിരന്തര വിലയിരുത്തൽ<br>കലാ-കായിക പ്രവർത്തി പരിചയം<br>പഠനപോഷണ പരിപാടി<br>സ്കോളർഷിപ്പ് പരീക്ഷകൾ<br>ടാലെന്റ് സേർച്ച് പരീക്ഷ<br>സ്കൂൾ ബാൻഡ്<br>പ്രസിദ്ധീകരണങ്ങൾ<br>ഐ.ടി. അധിഷ്ഠിത പഠനം | സഹവാസ ക്യാമ്പുകൾ<br>പ്രകൃതിപഠന ക്യാമ്പുകൾ<br><br><br><br><br><br><br><br><br><br>ലാംഗ്വേജ് ലാബ്<br><br>സ്റ്റുഡന്റ് പോലിസ് കേഡറ്റ് |

| | |
|---|---|
| അസംബ്ലി<br>J.R.C<br>SCOUT-GUIDE<br>പഠനയാത്ര<br>ഫീൽഡ് ട്രിപ്പ്<br>വിദഗ്ദ ക്ലാസുകൾ<br>സെമിനാർ<br>ശില്പശാല<br>വിദ്യാലയ ശാക്തീകരണ<br>പരിപാടികൾ<br>മെഗാക്വിസ് പ്രോഗ്രാം<br>മാസം ഒരു വിശിഷ്ടാതിഥി-അഭിമുഖം<br>ബ്ലോഗ്<br>വെബ്സൈറ്റ്<br>സ്കൂൾതല മേളകൾ<br>ക്ലാസ് പത്രങ്ങൾ<br>ക്ലാസ് ലൈബ്രറി<br>ഇന്ററാക്ടീവ് TV ചാനൽ | |

**സാമൂഹ്യ പങ്കാളിത്തം**

സ്കൂൾ അധ്യായന വർഷം ആരംഭിക്കുമ്പോൾ തന്നെ പി.റ്റി.എ. രൂപീകരിക്കാറു ണ്ട്. കുട്ടികളുടെ പഠനം, കലാ-കായിക പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യങ്ങളുടെ വികസനം എന്നീ കാര്യങ്ങളിൽ പി.റ്റി.എ പ്രവർത്തനനിരതമാണ്. ഐറ്റി- ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാ

സ്ത്ര-പ്രവർത്തിപരിചയ മേളകളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും പി.റ്റി.എ. ശ്രദ്ധാലുക്കളാണ്.

കുട്ടികളുടെ പഠനം വിലയിരുത്തുന്നതിനായ് വർഷത്തിൽ 5 തവണ ക്ലാസ്സ് പി.റ്റി.എ നടത്താറു്. ഇത്തരം യോഗങ്ങളിൽ പഠനപ്രവർത്തനങ്ങൾ മാത്രമല്ല വിലയിരുത്തപ്പെടുന്നത്. കുട്ടികളുടെ സുരക്ഷിതത്വം, വ്യക്തിശുചിത്വം, പരിസരശുചിത്വം, മറ്റുള്ളവരോടുള്ള പെരുമാറ്റം ഇങ്ങനെ പല വിഷയങ്ങളും ചർച്ച ചെയ്യാറുണ്ട്.

സ്കൂൾ പി.റ്റി.എ യുടേയും പൂർവ്വ വിദ്യാർത്ഥി സംഘടനയായ മിയോസയുടേയും സഹകരണത്തോടെ സ്കൂളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് എല്ലാ അധ്യായന വർഷവും യൂണിഫോം, പാഠപുസ്തകം എന്നിവ സൗജന്യമായി നൽകി വരുന്നു.

ഗണിത-സാമൂഹ്യ-ശാസ്ത്ര വർക്ക് എക്സ്പീരിയൻസ് മേളകളിൽ കുട്ടികളെ സംസ്ഥാനതലം വരെ എത്തിക്കാൻ കഴിയുന്നത് അധ്യാപകരുടെ പ്രാഗത്ഭ്യം കൊാണ്.

**ജാഗ്രതസമിതി**

ഹെഡ്മിസ്ട്രസ് ചെയർമാനായ 13 അംഗ ജാഗ്രതസമിതി വളരെ കാര്യക്ഷമമായി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. പി.റ്റി.എ പ്രസിഡന്റ്, സ്കൂൾ മാനേജർ, എസ്.എച്ച്.ഒ, വാർഡ്മെമ്പർ, സ്കൂൾ ലീഡർ, അധ്യാപക-വിദ്യാർത്ഥി പ്രതിനിധികൾ, മാതാപിതാക്കൾ എന്നിവർ വളരെ സജീവമായി സ്കൂൾ സുരക്ഷയ്ക്കു വേ ണ്ടി പ്രവർത്തിക്കുന്നു.

| **സാമൂഹ്യ പങ്കാളിത്തം** | |
|---|---|
| നിലവിലുള്ളത് | ആവശ്യമുള്ളവ |
| പി.ടി.എ<br>സി.പി.ടി.എ<br>എം.പി.റ്റി.എ<br>പൂർവ്വവിദ്യാർത്ഥി സംഘടന<br>ഗൃഹസന്ദർശനം<br>ജാഗ്രതാസമിതി<br>ബോധവത്ക്കരണ ക്ലാസുകൾ<br>കൗൺസലിംഗ്<br>പൂർവ്വ അധ്യാപക- വിദ്യാർത്ഥി സംഗമങ്ങൾ<br>സഹപാഠിക്കൊരു വീട്<br>ആഘോഷദിനങ്ങൾ-ജനകീയമാക്കൽ<br>വായനാമൂല<br>അയല്പക്ക ലൈബ്രറി<br>പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് | കൗൺസലിംഗ്<br>സഹപാഠിക്കൊരു വീട്<br>അയല്പക്ക ലൈബ്രറി |

ക്ലബ് പ്രവർത്തനങ്ങൾ : 12 ക്ലബുകൾ പ്രവർത്തിക്കുന്നു

**വിവിധ ക്ലബ്ബുകൾ**

**സ്കൂളില് നിലവില്** 12 **ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.**വിവിധ മേളകൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവ സ്കൂളിൽ സംഘടിപ്പിക്കുന്നതിന് **വിവിധ ക്ലബ്ബുകൾ** നേതൃത്വം നൽകുന്നു. , സെമി**നാറുകൾ** പ്രൊജക് **ടുകൾ** ഡിബേറ്റു**കൾ** എന്നിവ ഈ **ക്ലബ്ബുകളുടെ**നേതൃത്വ **ത്തിൽ** സംഘടിപ്പി**ച്ചുവരുന്നു.** ഇതിൽ വിജയികളായവരെ ജില്ലാതലമേളകളിലും മറ്റും പങ്കെടുപ്പിക്കുന്നു. കുട്ടികളെ സംസ്ഥാനതല മത്സരത്തിൽ എത്തിക്കാൻ മികവാർന്ന പ്രവർത്തനങ്ങളാണ് ക്ലബ് നടത്തി വരുന്നത്.

1. **മലയാളം ക്ലബ്ബ്**
2. **ഇംഗ്ലിഷ് ക്ലബ്ബ്**
3. **ഹിന്ദി ക്ലബ്ബ്**
4. **സോഷ്യൽ സയൻസ് ക്ലബ്ബ്**
5. **സയൻസ് ക്ലബ്ബ്**
6. **ഇക്കോ ക്ലബ്ബ്**
7. **ഹെൽത്ത് ക്ലബ്ബ്**
8. **ഗണിതക്ലബ്ബ്**
9. **റോഡ് സുരക്ഷാ ക്ലബ്**
10. **എനർജി ക്ലബ്**
11. **നല്ലപാഠം**
12. **ഐ.റ്റി ക്ലബ്**

## ലൈബ്രറി

ഓരോ വിഷയത്തിനും പ്രത്യേകം ഷെൽഫുകളോടുകൂടിയ വിപുലമായ ഒരു ലൈബ്രറി സൗകര്യം ഇവിടെയുണ്ട്. കൂടാതെ ക്ലാസ് ലൈബ്രറിയും നല്ല രീതിയിൽ പ്രവർത്തനനിരതമാണ്. ക്ലാസ് ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ കുട്ടികൾ തന്നെ ശേഖരിച്ച് കൈമാറ്റം ചെയ്ത് വായിച്ചു വരുന്നു. സ്കൂൾ പരിധിക്കുള്ളിലുള്ള ഒരു ലൈബ്രറിയും, ക്ലാസ് ലൈബ്രറിയുമാണ് കുട്ടികളുടെ വായന പരിപോഷിപ്പിക്കാനായുള്ളത്. ദൈനംദിന വാർത്തകൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഓരോ ക്ലാസിനും 2 പത്രങ്ങൾ വീതം സ്കൂളിൽ ലഭ്യമാണ്.

## ലാബ് പ്രവർത്തനങ്ങൾ

### കമ്പ്യൂട്ടർ ലാബ്

കുട്ടികളുടെ ഐ.ടി പഠനത്തിനായി 51 കമ്പ്യൂട്ടറുകളോടുകൂടിയ സുസജ്ജമായ കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നു.ഡിജിറ്റൽ പെയിന്റിംഗ്, സ്ലൈഡ് പ്രസന്റേഷൻ, മലയാളം ടൈപ്പിംഗ്, ഐടി പ്രൊജക്ട്, വെബ്പേജ് ഡിസൈനിംഗ്, ഐ.ടി ക്വിസ് എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുകയും ഇതിനെ വിജയിക്കുന്ന കുട്ടികളെ ജില്ലാ-സംസ്ഥാന മേളകളിൽ പങ്കെടുപ്പിക്കാറുണ്ട്. ഐ.ടി വർക്ക്ഷോപ്പ് വളരെ ഫലപ്രദമായ രീതിയിൽ നടത്തി വരുന്നു.

### സയൻസ് ലാബ്

ഒരു ഇന്റഗ്രേറ്റഡ് സയൻസ് ലാബ് സ്കൂളിൽ നിലവിലുണ്ട്. കുട്ടികൾക്ക് അവരുടെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് ഇത് ഉപകരിക്കുന്നു. പഠനത്തോടുള്ള കുട്ടി

കളുടെ താല്പര്യം വളരുന്നതിന് ഇത് സഹായിക്കുന്നു. ഫിസിക്സ്, കെമസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് ഒരേ സമയം ലാബ് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നത് ഒരു പരിമിതിയാണ്.

**<u>സാമൂഹിക ശാസ്ത്ര ലാബ്</u>**

ഗ്ലോബ്, മാപ്പ്, ചാർട്ടുകൾ എന്നിവ കുട്ടികളുടെ പഠനത്തിന് ഉപകാരപ്രദമാകുന്നതിന് വിനിയോഗിക്കാൻ സാധിക്കുന്നു. സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവ വളരെ കൃത്യതയോടെ ഇവിടെ സൂക്ഷിച്ചു പോരുന്നു.

**<u>ഗണിത ലാബ്</u>**

സുസജ്ജമായ ഒരു ഗണിത ലാബ് ഇവിടെയുണ്ട് പഠനോപകരണങ്ങൽ, പഠനസാമഗ്രികൾ, ഗണിതമേളകൾക്കും മറ്റും പങ്കെടുക്കുവാൻ സഹായകമായ ചാർട്ടുകൾ എന്നിവ കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ ഇത് സഹായകമാണ്.

## സാമൂഹിക പങ്കാളിത്തം നിലവിലെ അവസ്ഥ

അക്കാദമിക് പ്രവർത്തനങ്ങളോടൊപ്പം നിരവധിയായ സാമൂഹ്യ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് ഫ്രീ പരിപാടി, കലാകായിക പ്രവർത്തനങ്ങൾ, ഡാൻസ്, സംഗീതം, ബാൻഡ്, സ്കൗട്ട് ആന്റ് ഗൈഡ്, റെഡ്ക്രോസ് തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ സാമൂഹ്യ പങ്കാളിത്തത്തോടെ ചെയ്തു വരുന്നു.

സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി പരിസരപ്രദേശങ്ങളെ ലഹരിവിമുക്തമാക്കാൻ സാധിച്ചു. ഇതിനാവശ്യമായ ബോധവത്കരണ ക്ലാസുകൾ, ലഘുലേഖനങ്ങൾ, മനുഷ്യചങ്ങല, സൈക്കിൾറാലി, എന്നിവ സംഘടിപ്പിക്കുകയുായി. ഒരു വയോധികയുടെ വീട്, കുട്ടികളുടെ വീടുകൾ എന്നിവ വയറിങ്ങ്, അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കുകയുായി. കിടപ്പു രോഗികൾ, മാരക രോഗങ്ങൾ പിടിപെട്ടവർ ഇവർക്ക് സാമ്പത്തിക സഹായം നൽകി.

വിഷമയമല്ലാത്ത പച്ചക്കറികൾ ലഭ്യമാകത്തക്ക രീതിയിൽ കുട്ടികൾ സ്കൂളിൽ ജൈവകൃഷ് നടത്തി. അതിലൂടെ ഉച്ചഭക്ഷണത്തിനാവശ്യ മായ പച്ചക്കറികൾ കത്തുകയുായി. കുട്ടികൾ ഭക്ഷ്യമേളയിലൂടെ ക ത്തിയ തുക ഉപയോഗിച്ച് സ്കൂളിൽ ഒരു സോളാർ പാനൽ സ്ഥാപിച്ചു.

നിർദ്ധനരായ സഹപാഠികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ നൽകി. ഇവയെല്ലാം വിദ്യാർത്ഥികളുടെയും, സമൂഹ കൂട്ടായ്മയുടെയും ഫലമായുള്ള ഏതാനും ചില പ്രവർത്തനങ്ങൾ മാത്രമാണ്.

വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിസരവാസികളും, പൂർവ്വവിദ്യാർത്ഥികളും നിരന്തരമായ സഹായങ്ങളും, പ്രോത്സാഹനങ്ങളും നൽകി വരുന്നു.

ഓരോ ക്ലാസ്സിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികളിൽനിന്നും സ്കൂൾ ലീഡറേയും ചെയർപേഴ്സണേയും തികച്ചും ജനകീയമായി തിരഞ്ഞെടുക്കുന്നു. പിന്നീടുള്ള പാഠ്യപാഠ്യേതര മേഖലകളിൽ അദ്ധ്യാപകരോടും പി.ടി.എ യോടും ഒപ്പം ഇവർ സഹകരിച്ച് പോരുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിലും ഇവർ വളരെ വലിയ പങ്ക് വഹിക്കുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

# (വിഷൻ 2031)

- വിദ്യാർത്ഥി കേന്ദ്രീകൃതമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ഓരോ വിദ്യാർത്ഥിയും സ്കൂൾബാഗും പുസ്തകകെട്ടുകളും ഉപേക്ഷിച്ച് ലാപ് ടോപ്, ടാബ് എന്നിവയുമായി സ്കൂളിലെത്തുന്ന പഠന സംവിധാനം
- അദ്ധ്യാപകൻ ഫസിലിറ്റേറ്റർ മാത്രമാകുന്ന പഠനരീതി ഉറപ്പുവരുത്തുക.
- ക്ലാസ് മുറികളിൽ ആവശ്യമായ ശബ്ദ-വെളിച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക
- ഓരോ ക്ലാസ് മുറികളിലും വ്യക്തിഗത ഇരിപ്പിടങ്ങൾ ഉറപ്പുവരുത്തുക.
- കുട്ടി ആധുനിക സാങ്കേതിക വിദ്യകളിലൂടെ അറിവ് ആർജ്ജിക്കുന്ന രീതി.
- ഓൺലൈൻ test- കളിലൂടെ കുട്ടികളുടെ അഭിരുചി കണ്ടെത്തുന്നു.
- ഓരോ കുട്ടിയുടെയും വിഭിന്നമായ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രത്യേക പരിശീലനം നൽകുന്നു.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്ലേ കോർട്ടുകൾ
- ഓരോ കായിക വിഭാഗത്തിനും പ്രത്യേകം പ്രത്യേകം സ്റ്റേഡിയം സ്ഥാപിക്കുക.
- അത് ലറ്റുകളുടെ പരിശീലനത്തിനായി പ്രത്യേകം സിന്തറ്റിക്ക് ട്രാക്ക്
- കലാരംഗത്ത് മികവു പുലർത്തുന്ന കുട്ടികൾകളുടെ പരിശീലനത്തിന് പ്രത്യേകം കലാധ്യാപകർ.
- കുട്ടികളുടെ ഭാഷാഭിരുചി വർദ്ധിപ്പിക്കുന്നതിന് പ്രത്യേകം ലാഗ്വേജ് ലാബ്.
- ഭിന്നശേഷിക്കാർക്കായി പ്രത്യേക പരിശീലന പരിപാടികൾ
- കാന്റീൻ സൗകര്യം.
- ഭാഷാ പ്രാവീണ്യം വളർത്തുന്നതിനുള്ള ലാംഗ്വേജ് ലാബ്
- ആധുനിക നിലവാരം പുലർത്തുന്ന ലൈബ്രറികൾ.

- sick room
- ASAP പോലുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ സ്കൂൾ ലെവലിലും നടപ്പിലാക്കുക.
- ആധുനിക നിലവാരത്തിലുള്ള ടോയ് ലറ്റുകൾ സ്ഥാപിക്കുക
- സ്ത്രീ സൗഹൃദ ടോയ്ലറ്റുകൾ സ്ഥാപിക്കുക

# പ്രതീക്ഷിത നേട്ടങ്ങൾ

1. 100 % വിജയം  ഉയർന്ന ഗ്രേഡ് എന്നിവ ഉറപ്പുവരുത്തുന്നു.

2. വിദ്യാർത്ഥികളെ ഈ-ലേണിംഗിന് പ്രാപ്തരാക്കുന്നു.

3. കുട്ടികളെ അവരുടെ അഭിരുചിക്കനുസരിച്ച് വിഷയമേഖലകളിലേയ്ക്ക്

തിരിച്ചു വിടുന്നു.

4. വിവിധ മേളകളിൽ ഉയർന്ന നേട്ടം കൈ വരിക്കുന്നു.

5. കായിക മേളയിൽ ദേശീയ തലത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.

6. കലാ മേളകളിൽ സംസ്ഥാന തലം വരെ പങ്കെടുക്കുന്നതിനു കുട്ടികളെ പ്രാപ്തരാക്കുന്നു.

7. ജൈവകൃഷി, വ്യക്തി ശുചിത്വം, സാമൂഹിക പ്രതിബദ്ധത എന്നീ സദ്ഗുണങ്ങൾ കുട്ടികളിൽ വളർത്തുന്നു.

8. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നു

9.ഊർജ  ഉപഭോഗത്തിൽ സ്വയം പര്യാപ്തത .

10 . ലാംഗ്വേജ്  ലാബുകളുടെ പരിപൂർണ ഉപയോഗം

# മോണിട്ടറിംഗ് രീതി

1. പ്രഥമാദ്ധ്യാപിക അധ്യാപകരുടെ പഠന രീതികൾ കൃത്യമായി വിലയിരുത്തുന്നു.

2. കുട്ടികളെ തുടർ മൂല്യനിർണ്ണയത്തിനു വിധേയരാകുന്നു.

3. സ്കൂൾ ഉച്ചഭക്ഷണ പരിപാടി പി.റ്റി.എ കൃത്യമായി വിലയിരുത്തി വരുന്നു.

4. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പി.റ്റി.എ കൃത്യമായി വിലയിരുത്തി വരുന്നു.

5. സ്കൂളിൽ നടപ്പിലാക്കിയട്ടുള്ള ഹൈ-ടെക് പദ്ധതി അതുമായി ബന്ധപെട്ട വിദഗ്ദർ വിലയിരുത്തി വരുന്നു.

# ക്ലബ്ബുകളും ചുമതലകളും

| ക്ലബ്ബുകൾ | ചുമതലകൾ |
|---|---|
| ഭാഷാക്ലബ്ബ്-മലയാളം | മേരി ഷൈനി |
| ഇംഗ്ലീഷ് | സിജോ വി എ |
| ഹിന്ദി | ഷീബ ജോർജ്ജ് |
| വിദ്യാരംഗം<br><br>കലാസാഹിത്യവേദി | അനിമോൾ കെ എൻ |
| സയൻസ് | മേരി വിനി |
| ഗണിതം | രാകേഷ് . ആർ |
| സോഷ്യൽ സയൻസ് | റാണിമോൾ ഏ.വി |
| ഹെൽത്ത് ക്ലബ്ബ് | ബിജി |
| നേച്ചർ ക്ലബ്ബ് | ഡാനി ജേക്കബ് |
| എനർജി ക്ലബ്ബ് | ടെസ്സി ജോസ് |
| ഐ.റ്റി ക്ലബ്ബ് | ലിൻസി ജോർജ്ജ് |
| റോഡ് സുരക്ഷാ ക്ലബ്ബ് | സിനോ .വി.എ |
| നല്ലപാഠം ക്ലബ്ബ് | അനിമോൾ കെ എൻ, റാണിമോൾ ഏ.വി |
| സ്പോർട്സ് ക്ലബ്ബ് | സോണി |
| ലഹരി വിരുദ്ധ ക്ലബ്ബ് | അജേഷ്. കെ |
| സ്കൗട്ട് മാസ്റ്റർ | അജേഷ്. കെ, സിനോ . വി. എ, സിജോ വി എ |
| ഗൈഡ് ക്യാപ്റ്റൻ | സിസ്റ്റർ. വിൻസി, ശ്രീമതി. ആൻസി, ഷീബ ജോർജ്ജ് |

# 7. പദ്ധതി വിശദാംശങ്ങൾ(വിഷയമേഖലകൾ)

| പ്രവർത്തനം : 1<br>മേഖല : സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ (അക്കാദമിക വർഷം ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം : 2<br>മേഖല : സാമൂഹ്യശാസ്ത്രം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ് ഭരണഘടനാ പതിപ്പ് തയ്യാറാക്കൽ, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം : 3<br>മേഖല : സാമൂഹ്യശാസ്ത്രം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക |

| | | | | |
|---|---|---|---|---|
| | | | | വിശക ലനം |
| ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ് നിർമ്മാണം. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

പ്രവർത്തനം : 4
മേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, ചരിത്ര സിനിമ പ്രദർശനം | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

പ്രവർത്തനം : 5
മേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ലനം |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| പ്രവർത്തനം : 1<br>മേഖല : ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ഹൈസ്കൂൾ തലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരങ്ങൾ എഴുതിക്കൽ, ചിഹ്നമുറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് തയ്യാറാക്കി നൽകി ഉറക്കെ വായിപ്പിക്കുക. അക്ഷരമാലാ പ്രദർശനം, വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ. പിന്നോക്കാവസ്ഥ യിലുള്ള കുട്ടികളെ | ജൂൺ ജൂലൈ ആഗസ്റ്റ് അക്ഷരാചാർട്ട് പാഠപുസ്തകം | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | കണ്ടെത്തുന്നതിനായി പ്രീ ടെസ്റ്റ് നടത്തി അതിന്റെ അടിസ്ഥാനനത്തിൽ നടപ്പാക്കുന്നു. | | | |

പ്രവർത്തനം : 2
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| രാഷ്ട്രഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക. ഭാഷ അനായാസം എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുക. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി, ചിത്രകഥ, കാർട്ടൂൺ, ചേരുകവിതകൾ എന്നിവ വായനയ്ക്കായി നൽകുന്ന | സെപ്റ്റംബർ, ഒക്ടോബർ | ഹിന്ദി നിഘണ്ടു | |

പ്രവർത്തനം : 3
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| വീട് ഒരു പരീക്ഷണശാല | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങ | സെപ്റ്റംബർ, | ഹിന്ദി നിഘണ്ടു | |

| | | | | |
|---|---|---|---|---|
| | ളുടെയും പലവ്യഞ്ജനങ്ങളുടെയും പേരുകൾ പട്ടികപെടുത്തുന്നു. | ഒക്ടോബർ | | |

പ്രവർത്തനം : 4
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുള്ള അവസരം . | ഹിന്ദി അസംബ്ലി, പരിസ്ഥിതി ദിനം സെപ്റ്റംബർ 14 | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

പ്രവർത്തനം : 5
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| പുസ്തകവായന പ്രോത്സാഹനം | ക്ലാസ് ലൈബ്രറി, ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ, ചിത്രത്തിന് അടിക്കുറിപ്പ് എഴുതൽ (ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ ) | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

പ്രവർത്തനം : 6
മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിശക ലനം |
| വിവർത്തകർ, വാർത്താവായനക്കാർ, ജേർണലിസ്റ്റുകൾ അധ്യാപകർ തുടങ്ങിയ ജോലി സാധ്യതയുള്ള മേഖലകൾ പരിചയപ്പെടുത്തൽ | പ്രശസ്ത ജേർണലിസ്റ്റുകളുമായി അഭിമുഖ സംഭാഷണം, വിവർത്തകരുമായുള്ള അഭിമുഖം മുതലായവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 1<br>മേഖല : ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശക ലനം |
| ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ ഗണിതം മധുരം, പരിഹാര ബോധനം, ലാബ് പ്രവർത്തനങ്ങൾ, ഗെയിമുകൾ | ജൂൺ | ഗണിത അധ്യാപകർ | |
| പ്രവർത്തനം : 2<br>മേഖല : ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശക ലനം |
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ് ജ്യോമെട്രിക് ചാർട്ട് | ജൂലൈ | ഗണിതാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഗണിതമാഗസിൻ | | | |
| പ്രവർത്തനം : 3<br>മേഖല : ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| നിർമ്മിതിയിലെ ശേഷി കൈവരിക്കൽ | പഠനോപകരണങ്ങൾ പരിശീലിക്കൽ | ജൂലൈ | ഗണിതാധ്യാപകർ | |
| പ്രവർത്തനം : 4<br>മേഖല : ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനം | ക്ലബ് പ്രവർത്തനങ്ങൾ സംഘപഠനം | തുടർപ്രവർത്തനം | ഗണിതാധ്യാപകർ , പഠനത്തിൽ മുന്നിട്ട് നിൽക്കുന്ന കുട്ടികൾ | |
| പ്രവർത്തനം : 5<br>മേഖല : ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മാണം | സംഘപഠനം | തുടർപ്രവർത്തനം | ഗണിതാധ്യാപകർ | |
| പ്രവർത്തനം : 6<br>മേഖല : ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ കുട്ടികളുടെ മികച്ച സംഭാവനകൾ , ഗണിതപതിപ്പ് | ക്ലബ്ബ് പ്രവർത്തനങ്ങൾ | ശനി/ അവധി ദിവസങ്ങൾ | അദ്ധ്യാപകർ/ പൂർവ്വ അദ്ധ്യാപകർ | |

പ്രവർത്തനം : 7

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഗണിതാശയങ്ങളിൽ നിന്ന് ഗണിതരൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ | തുടർപ്രവർത്തനം | അദ്ധ്യാപകർ/ പൂർവ്വ അദ്ധ്യാപകർ | |

പ്രവർത്തനം : 8

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഐ സി ടി സാധ്യതയിലൂടെ ഗണിത പഠനം | സമഗ്ര റിസോഴ്സ് ജിയോജിബ്ര പ്രവർത്തനങ്ങൾ | ദീർഘകാലം | അദ്ധ്യാപകർ | |

പ്രവർത്തനം : 9

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഗണിതം മത്സരവേദിയിലേക്ക് ഗണിതമേളയ്ക്ക് ഒരുക്കം | ക്ലബ്ബ് പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ | സെപ്റ്റംബർ,ഒക്ടോബർ, നവംബർ, ഡിസംബർ | ഗണിതാധ്യാപകർ | |

പ്രവർത്തനം : 10

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| പരീക്ഷാ പരിശീലനം | ചോദ്യപേപ്പർ നിർമ്മാണം | തുടർപ്രവർത്തനം | ഗണിതാധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 1<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| പഠിതാക്കളിൽ ഭാഷാപരിജ്ഞാനം ഉറപ്പ് വരുത്തുക | ദിവസവും പുസ്തകവായന, ഭാഷാകേളി, കേട്ടെഴുത്തുകൾ,തുടങ്ങിയവ | 1 വർഷം | ഭാഷാധ്യാപകർ | |
| പ്രവർത്തനം : 2<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ഭാഷാപരിജ്ഞാനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | പ്രത്യേകം സമയം കണ്ടെത്തി ഓരോ കുട്ടിയ്ക്കും പരിശീലനം നൽകുന്നു. കൂടാതെ സംഘപ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടൽ ഉറപ്പു വരുത്തുന്നു | ആഴ്ചയിൽ മൂന്നു ദിവസം | ഭാഷാധ്യാപകർ, കുട്ടികൾ | |
| പ്രവർത്തനം : 3<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |

| | | | | |
|---|---|---|---|---|
| കയ്യെഴുത്തു മാസിക, ന്യൂസ് പേപ്പർ തയ്യാറാക്കൽ മൂന്ന് | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്തി (കഥ, കവിത, പഴഞ്ചൊല്ലുകൾ, ചിത്രരചന, കാർട്ടൂൺ) മാസിക തയ്യറാക്കുന്നു. ഭാഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി ന്യൂസ് പേപ്പർ തയ്യാറാക്കുന്നു. | മാസം കൂടുമ്പോൾ | ഭാഷാധ്യാപകർ, കുട്ടികൾ | |
| പ്രവർത്തനം : 4<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ഭാഷയും പൊതുവിജ്ഞാനവും വളർത്തിയെടുക്കുന്നതിനായി ക്വിസ് നടത്തുന്നു | കുട്ടികളെ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, അയൽപക്ക ലൈബ്രറികളുമായി ബന്ധിപ്പിച്ച് കൊണ്ട് വായനയ്ക്ക് പ്രോത്സാഹനം നൽകുവാൻ ക്വിസ് ഉപകരിക്കുന്നു | മാസത്തിൽ ഒന്ന് | ഭാഷാധ്യാപകർ, കുട്ടികൾ , പിടിഎ | |
| പ്രവർത്തനം : 5<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| പാരമ്പര്യ രൂപങ്ങളെക്കുറിച്ച് | കഥകളി ശില്പശാല സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | ഭാഷാധ്യാപകർ | |

| | | | | |
|---|---|---|---|---|
| കുട്ടിയ്ക്ക് അവബോധം നൽകുന്നു. | | (ജൂലൈ) | | |
| പ്രവർത്തനം : 6<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ഫീൽഡ് ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ട കവികളുടെ സ്മൃതി മണ്ഡപത്തിലേക്ക് ഒരു യാത്ര (വയലാർ, തകഴി, കുമാരനാശാൻ) | നിശ്ചയിച്ച തീയതികളിൽ | ഭാഷാധ്യാപകർ | |
| പ്രവർത്തനം : 7<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ദിനാചരണങ്ങൾ സമുചിതമായി സംഘടിപ്പിക്കുന്നു | ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | നിശ്ചയിച്ച തീയതികളിൽ | ഭാഷാധ്യാപകർ | |
| പ്രവർത്തനം : 7<br>മേഖല : മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളുടെ | നിശ്ചയിച്ച | ഭാഷാധ്യാപകർ | |

| | | | | |
|---|---|---|---|---|
| സമുചിതമായി സംഘടിപ്പിക്കുന്നു | പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു | തീയതികളിൽ | | |

| പ്രവർത്തനം : 1<br>മേഖല : ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | English Library(Clas Room Library)<br>English corner(Just a minute)<br>English Assembly | Free peiods English Period. Every Thursday | English Teachers | |
| പ്രവർത്തനം : 2<br>മേഖല : ഇംഗ്ലീഷ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾ ക്ക് അവസരം ഒരുക്കുക | Profile, Script Play, Seminar, Debate, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് Choreography തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | Class room Activity | English Teachers | |

| പ്രവർത്തനം : 3<br>മേഖല : ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക . സ്വതന്ത്രമായ എഴുത്തിനു സജ്ജരാക്കുക | അക്ഷര കാർഡ്, പദ കാർഡ് , വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ, ചിത്രവായന, ലഘുകഥ നിർമ്മാണം, public speaking, Simple games, English പത്രവായന , പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ , ന്യൂസ് റീഡിങ് മത്സരം | Class room activity | English Teachers | |

| പ്രവർത്തനം : 4<br>മേഖല : ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| നാടകീകരണം | Skit, Puppet Show, Role play etc | കഥാപ്രസംഗം എന്നീ | Class room Activity | English Teacher |

| | | | | |
|---|---|---|---|---|
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി puppet show, skit role play etc | തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | | s |

പ്രവർത്തനം : 4

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| നാടകീകരണം | Skit, Puppet Show, Role play etc പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി puppet show, skit role play etc | കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | Class room Activity | English Teachers |

പ്രവർത്തനം : 5

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| കവിതാലാപനത്തിനും , കവിതാരചന, ഉപന്യാസ രചന, ന്യൂസ് റീഡിങ് competition, story telling, Elocution , എന്നിവയ്ക്ക് പ്രാപ്തരാക്കുന്നു | കവിതാരചന, ആലാപന മത്സരങ്ങൾ, കഥാരചന, ഉപന്യാസ രചന, news reading competition, story telling, elocution മത്സരങ്ങൾ നടത്തുന്നു. ആസ്വാദനകുറിപ്പ് തയ്യാറാക്കുന്നു. Book reviews, രചനകളുടെ | Literary Week( November) | English Teachers | |

| | | | | |
|---|---|---|---|---|
| | പ്രദർശനം നടത്തുന്നു. | | | |

മേഖല – ശാസ്ത്രം

പ്രവർത്തനം : 1
മേഖല : സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. സ്കൂൾതല സയൻസ് എക്സിബിഷൻ<br>2. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം (പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ, സർവ്വേ അഭിമുഖം)<br>3. ശാസ്ത്ര തത്വങ്ങൾ കുട്ടികൾ ലളിതമായ പരീക്ഷണങ്ങളിലൂടെ പൊതു സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നു. | വർഷത്തിൽ ഒരു തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്<br>സയൻസ് ക്ലബ്ബ് | പിടിഎ<br>പിടിഎ |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 2<br>മേഖല : സയൻസ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 2.ശാസ്ത്രമേള കളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | ശാസ്ത്രമേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 3 മാസം | സയൻസ് ക്ലബ്ബ് | പിടിഎ |
| പ്രവർത്തനം : 3<br>മേഖല : സയൻസ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 3. ശാസ്ത്ര ലാബ് നവീകരണം സയൻസ് ലാബ് കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ് കെമിസ്ട്രി ബയോളജി എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | 1 മാസം | ശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം : 4<br>മേഖല : സയൻസ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 4. ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ്, ഡിജിറ്റൽ ശാസ്ത്ര | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമാ | 6 മാസത്തിൽ ഒരിക്കൽ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| മാസിക എന്നിവ തയ്യാറാക്കൽ | യ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്ത ി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് ഡിജിറ്റൽ ശാസ്ത്ര മാസിക എന്നിവ തയ്യാറാക്കൽ | | | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 5<br>മേഖല : സയൻസ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 5. പഠന പിന്നോക്ക അവസ്ഥയി കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകർ കുട്ടികൾക്ക് നേരിട്ട് പരിശീലനം നൽകുന്നു | ആഴ്ചയിൽ 2 ദിവസം | ശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം : 6<br>മേഖല : സയൻസ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 6. വിദ്യാർത്ഥികൾക്ക ് പ്രായോഗികവും അനുഭവപരവുമായ പഠന | സൈദ്ധാന്തിക ക്ലാസ് റൂം അറിവിനെ യഥാർത്ഥ ലോകത്തിലെ | വർഷത്തിൽ 1 തവണ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| അവസരങ്ങൾ നൽകുന്നതിനായി സയൻസ് ഫീൽഡ് ട്രിപ്പ്. | പ്രയോഗങ്ങളുമായി ബന്ധിപ്പിക്കാൻ അനുവദിക്കുന്ന, ശാസ്ത്രത്തോടുള്ള ആഴത്തിലുള്ള ധാരണയും വിലമതിപ്പും വളർത്തിയെടുക്കുന്ന ക്ലാസ് മുറിയിൽ നിന്ന് അകലെയുള്ള ഒരു വിദ്യാഭ്യാസ യാത്ര. | | | |

പ്രവർത്തനം : 7

മേഖല : സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7. ശാസ്ത്ര അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും STEM മേഖലകളിൽ കരിയർ പിന്തുടരാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ശാസ്ത്ര ദിനാചരണങ്ങൾ ആഘോഷിക്കുന്നു. | ശാസ്ത്ര ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ, വിദ്യാർത്ഥികൾക്ക ് അവരുടെ ജീവിതത്തിൽ ശാസ്ത്രത്തിന്റെ പങ്കിനെക്കുറിച്ച് ആഴത്തിലുള്ള ധാരണ നേടാനും, വ്യത്യസ്ത ശാസ്ത്ര മേഖലകൾ പര്യവേക്ഷണം ചെയ്യാനും, ശാസ്ത്രീയ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| | അന്വേഷണങ്ങളിലും നവീകരണത്തിലും അഭിനിവേശം വളർത്തിയെടുക്കാനും സാധിക്കുന്നു. | | | |

# ഉപസംഹാരം

പഠനത്തോടൊപ്പം ഒരു കുട്ടിയുടെ സമഗ്രവികസനം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഒരു വിദ്യാലയം. പരിമിതമായ ചുറ്റുപാടുകളിലും ഉയർന്ന നിലവാരം പുലർത്തി വിദ്യാർത്ഥികളെ മികച്ച വിജയത്തിലെത്തിക്കാൻ ശ്രമിക്കുന്ന ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് പിന്നിൽ പി.റ്റി.എ, മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ, സ്നേഹ സമ്പന്നരായ നാട്ടുകാർ എന്നിവരുടെ അകമഴിഞ്ഞുള്ള സഹകരണമാണ് നിലവിലുള്ള സാഹചര്യങ്ങൾ പലതും പരിമിതമാണ്. നിർദ്ദനരായ മത്സ്യത്തൊഴിലാളികളുടെയും കയർ തൊഴിലാളികളുടെയും കെട്ടിടനിർമ്മാണ തൊഴിലാളികളുടെയും മക്കൾക്ക് ഇവ നേടിയെടുക്കാനുള്ള സാമ്പത്തിക ശേഷിയും ഇല്ല. അധികാരികളുടെ കാര്യക്ഷമമായ ഒരു ഇടപെടൽ ഉണ്ടായെങ്കിൽ മാത്രമേ ഈ വിദ്യാലയത്തിന് 2031 ൽ എത്തിച്ചേരുമ്പോൾ ഈ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കു.